**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4497** **19-07-2022 - ൽ മറുപടിയ്ക്ക്**

**തിരുവിതാംകൂർ ദേവസ്വം ബോർഡിൽ തേർഡ് ഗ്രേഡ് ഓവർസിയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ തേർഡ് ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് രണ്ട് മാസത്തിനുള്ളിൽ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നൽകണമെന്ന ഹൈക്കോടതി ഉത്തരവ്(ഉത്തരവ് നം. WP(C)No.7432 of 2021 dtd. 9.5.2022) ദേവസ്വം ബോർഡ് സെക്രട്ടറിക്ക് ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | **ലഭിച്ചിട്ടുണ്ട്.** |
| (ബി) | ഉണ്ടെങ്കിൽ കോടതി ഉത്തരവ് പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കാമോ? | (ബി) | **ഓവർസിയർ ഗ്രേഡ്-3 (സിവിൽ) തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചിട്ടുള്ളതിനാൽ ടി ലിസ്റ്റിൽ നിന്ന് തുടർന്നും നിയമനം നടത്തുന്നതിന് തടസ്സമുണ്ടോയെന്ന വിവരം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സെക്രട്ടറിയോട് ആരായുകയും ബഹു. ഹൈക്കോടതി വിധിന്യായ പ്രകാരം റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നടത്തുന്നതിന് തടസ്സമില്ല എന്ന മറുപടി ലഭിച്ചിട്ടുള്ളതാണെന്നും ടി തസ്തികയിലേയ്ക്ക് ക്ഷേത്ര ജീവനക്കാർക്ക് ലോപെയ്ഡ് പ്രൊമോഷൻ നൽകുന്നതിനായി നീക്കിവയ്ക്കേണ്ട തസ്തികകളുടെ എണ്ണം കണക്കാക്കുന്നതിന് മരാമത്ത് വിഭാഗം മേധാവിയായ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ദേവസ്വം ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ